(ബി) ജില്ലാതലത്തിൽ ബസ് സ്റ്റേഷനുകളുടെ ടാറിംഗ് പണി നടത്തുന്നതിന് ടെൻഡർ വിളിച്ചിട്ടുള്ളതിൽ കായംകുളം ബസ് സ്റ്റേഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്യാരേജിന്റേയും ബസ് സ്റ്റേഷൻ കെട്ടിടത്തിന്റേയും മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചെക്കിംഗ് ഇൻസ്പെക്ടർമാർക്ക് യൂണിഫോം കർശനമാക്കുന്നതിന് നടപടി

101(1032) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലും പ്രാന്ത പ്രദേശങ്ങളിലും പോയിന്റ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ളതും അല്ലാത്തതുമായ കെ.എസ്.ആർ.ടി.സി.യിലെ ചെക്കിംഗ് ഇൻസ്പെക്ടർമാർ യൂണിഫോം ധരിക്കാതെയാണ് കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യ നിർവ്വഹണത്തിൽ ഏർപ്പെടുമ്പോൾ യാത്രക്കാരിൽനിന്നും ഇവരെ തിരിച്ചറിയുന്നതിന് യൂണിഫോം നിർബന്ധമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്യൂട്ടിയിലുള്ള ഇൻസ്പെക്ടർമാർ യൂണിഫോം ധരിച്ചിരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കായംകുളം ബസ് സ്റ്റേഷനിൽനിന്നും ആരംഭിച്ച ബസ് സർവ്വീസുകൾ

102(1034) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എം.എൽ.എ. ഗവൺമെന്റിനു നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ അനുവദിച്ചിട്ടുള്ള ബസ്സുകളുടെ വിവരങ്ങൾ നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കായംകുളം ബസ് സ്റ്റേഷനായി ബന്ധപ്പെട്ട് എത്ര സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്;

(സി) ഇതിനെതിരെ കായംകുളം എം.എൽ.എ. 5.6.2000-ൽ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്കും ബഹുമാനപ്പെട്ട മന്ത്രിക്കും നൽകിയിട്ടുള്ള നിവേദനത്തിൽ ആവശ്യപ്പെട്ട പ്രകാരം സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 26 പുതിയ ബസ്സുകൾ കായംകുളം ഡിപ്പോയ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly